**116 (1025) ചങ്ങനാശ്ശേരി ഇലക്ട്രിസിറ്റി ഡിവിഷനിൽ വോൾട്ടേജ് മെച്ചപ്പെടുത്തുവാൻ നടപടി**

ശ്രീ. സി.എഫ്. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ഇലക്ട്രിസിറ്റി ഡിവിഷനിൽ ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, കുറിച്ചി, തെങ്ങണ സെക്ഷനുകളിൽ ചങ്ങനാശ്ശേരി ടൗണിലും തൃക്കൊടിത്താനം, പാക്കിപ്പാട്, കുറിച്ചി, വാഴപ്പള്ളി, മാടപ്പള്ളി, പഞ്ചായത്ത് പ്രദേശങ്ങളിലും വോൾട്ടേജ് മെച്ചപ്പെടുത്തുവാൻ എത്ര പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) ഈ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാകും എന്നറിയിക്കാമോ?

ഉത്തരം

(എ) 68 പദ്ധതികൾ

(ബി) വിശദാംശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.

(സി) സാധന സാമഗ്രികളുടെ ലഭ്യതയ്ക്കും, മുൻഗണനാക്രമമനുസരിച്ചും പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**117 (1024) വിദേശ പര്യടനം നടത്തുന്ന ഉദ്യോഗസ്ഥർ**

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ബോർഡിലെ ഉദ്യോഗസ്ഥരിൽ വിദേശപര്യടനം നടത്തുന്ന പലരുടെയും സർവ്വീസ് അതിനുശേഷം ചുരുങ്ങിയ കാലം മാത്രമേ ബോർഡിന് ലഭിക്കുന്നുള്ളൂ എന്നത് പരിഗണിച്ച് താരതമ്യേന ദീർഘകാലത്തേയ്ക്ക് ഉപകരിക്കത്തക്ക രീതിയിൽ റിട്ടയർ ചെയ്യുവാൻ കൂടുതൽ വർഷങ്ങൾ ഉള്ളവരെ തെരഞ്ഞെടുത്ത് ഇത്തരം പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് വൈദ്യുതി ബോർഡിന്റെ സമീപനം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

**118 (1027) കൊയിലാണ്ടി ഇലക്ട്രിക്കൽ മേജർ സെക്ഷനിലെ പുതിയ വൈദ്യുതി കണക്ഷനുകൾ**

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നോർത്ത്, സൗത്ത് ഇലക്ട്രിക്കൽ മേജർ സെക്ഷന് കീഴിൽ 1996 മുതൽ 1999 ഡിസംബർ വരെ കാർഷിക ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly